# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa kkd/p2/2075/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa kkd/p2/2075/2022 തീയ്യതി: 07/12/2022

## കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2022 മുതൽ 22-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രത്നസിംങ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ).
ശ്രീ.ജയകുമാർ പാലൊളി .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ. അബ്ദുൽ നസീർ ടി പി .സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.ശ്രീജിത്ത് കെ.വി. ഓഡിറ്റർ

ശ്രീമതി അപർണ ഡി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീബ.എം.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എൻ.പ്രദീപൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബാബു ആരോത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.വിദ്യ ബാബു | കൃഷി ഓഫീസർ | 01-04-2021 | 28-11-2021 |
| ശ്രുമീതി.മുഫീദ നീതു എൻ കെ | കൃഷി ഓഫീസർ | 29-11-2021 | 31-03-2022 |
| ഡോ ഷിനോജ് | വെറ്ററനറി സെർജെൻ | 01-04-2021 | 31-03-2022 |
| ഡോ ഷബ്ന | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ ശിവ പ്രസാദ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുമിത കെ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശോഭന | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| ശ്രീമതി.ബിന്ദു പി | ഐ സി ഡി എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ശ്രീ.ബൈജു സി പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-07-2021 |
| ശ്രീ.ദിപിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-07-2021 | 31-03-2022 |
| ശ്രീമതി.അനശ്രീ എം എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീ.ദിനേശൻ | ഹെഡ് മാസ്റ്റർ | 07-07-2021 | 31-03-2022 |
| ശ്രീ.ബാബു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-01-2022 |
| ശ്രീ.ജയപ്രകാശ്.ഇ.കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.അക്ബർ ഷരീഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-06-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രിക | 1-4-1 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-5 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-6 |
| 8 | തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കുന്നു. | 1-7 |
| 9 | ലീവ് സറണ്ടർ അനുവദിച്ചത് -വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-8 |
| 10 | ടി ഡി എസ് റിട്ടേണുകൾ ഫയൽ ചെയ്തത്- ചെലവ് ഒഴിവാക്കാവുന്നത് | 1-9 |
| 11 | ക്ലയിം ചെയ്യാതെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചു | 1-10 |
| 12 | പുഴ പുറമ്പോക്ക് കയ്യേറ്റം- തുടർ നടപടിയിൽ വീഴ്ച | 1-11 |
| 13 | പൊതുമരാമത്ത് പദ്ധതി -ആസൂത്രണത്തിലെയും നിർവ്വഹണത്തിലേയും അപാകതകൾ | 1-12 |
| 14 | അജൈവമാലിന്യം കയറ്റിക്കൊണ്ടു പോകൽ -അപാകതകൾ | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 1-14 |
| 16 | റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല - വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യത : | 1-15 |
| 17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി നാളിതുവരെയാും മരുന്നുകൾ ലഭിച്ചില്ല | 1-16 |
| 18 | നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത നിരക്കിൽ ലാപ്പ്ടോപ്പ് വാങ്ങി വിതരണം നടത്തി | 1-17 |
| 19 | പഞ്ചായത്ത് മേഖലാ ചുമതലയില്ലാത്ത പ്രവർത്തനങ്ങൾക്ക് പണം ചെലവഴിച്ചു | 1-18 |
| 20 | പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കുള്ള ലാപ്ടോപ്പ് ലഭ്യമായില്ല | 1-19 |
| 21 | എഫ്.എച്ച്.സി. കെട്ടിടം പ്രവൃത്തി പൂർത്തിയാവാതെ കെട്ടിടത്തിലേക്കാവശ്യമായ ഫർണ്ണിച്ചർ വാങ്ങി | 1-20 |
| 22 | കെൽട്രോണിന് കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി നൽകിയ തുക തിരികെ ലഭിച്ചില്ല. | 1-21 |
| 23 | ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തികൾക്കും ഫോം വർക്കിനുള്ള തുക | 1-22 |

| | | |
|---|---|---|
| | നൽകി | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബഡ്ജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിൽ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് തയ്യാറാക്കിയ സ്ഥാപനത്തിന്റെ ബജറ്റ് 18.02.2021 ലെ 48/21 നമ്പർ തീരുമന പ്രകാരം താഴെ കൊടുത്തരീതിയിൽ സ്ഥാപനം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 21/03/22 തിയ്യതിയിലെ 54/22 തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുൻബാക്കി | 1,33,99,116 |
| വരവ് | 20,48,74,948 |
| ആകെ | 21,82,74,064 |
| ചെലവ് | 20,48,92,015 |
| നീക്കിയിരിപ്പ് | 1,33,82,049 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 5.09.2022 | -- | -- |

### 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുൻബാക്കി | 1,42,34,415 |
| വരവ് | 8,22,74,125 |
| ആകെ | 9,65,08,540 |
| ചെലവ് | 7,41,38,146 |
| നീക്കിയിരിപ്പ് | 2,23,70,394 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17004399 | 17004399 | 16648071 | 356328 | 100 |
| വികസന ഫണ്ട് (എസ് സി പി) | 0 | 3305807 | 3305807 | 2873337 | 432470 | 87 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് മുഖേന | 0 | 3542000 | 3542000 | 1369884 | 2172116 | 38.67 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 722692 | 722692 | 534793 | 187899 | 74 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 3882925 | 3882925 | 1316131 | 2566794 | 33.89 |

| | | | | | | |
|---|---|---|---|---|---|---|
| മുഖേന | | | | | | |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് മുഖേന | 0 | 5313000 | 5313000 | 415218 | 4897782 | 7.81 |
| മെയിന്റനൻസ്, റോഡ് | - | 13034000 | 13034000 | 10549972 | 2484028 | 81 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 5984582 | 5984582 | 4373277 | 1611305 | 71.73 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് (തൊഴിലാളികളുടെ കൂലി) | 0 | 36183508 | 36183508 | 36183508 | 0 | 100 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് (ഭരണ ചിലവ്) | 1979.22 | 9849444 | 9851423.22 | 9851423.22 | 0 | 100 |
| ഐ.സി. ഡി.എസ് | 489614 | 1327563 | 1817177 | 1341986 | 475191 | 73.85 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസന ഫണ്ട് ജനറൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 17,00,43,99/- രൂപയും 1,86,66,672/- രൂപയുമാണ്. വികസനഫണ്ട് (എസ്.സി.പി) യിലും സമാനമായ അപാകതയുണ്ട്. മേൽ ഫണ്ടുകളുടെ ഉറവിടത്തിൽ നിന്നും സർക്കാർ കുറവ് ചെയ്ത തുകയുടെ ചെലവ് വിവരങ്ങൾ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അലോട്ട്മെന്റിൽ മേൽ തുക വരവായി രേഖപ്പെടുത്തിയിട്ടില്ല.
2. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), എന്നിവയുടെ ആകെ അടങ്കൽ ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

പരിശോധനാ സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2022 ന് 3.15 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38691/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 വാർഷിക കണക്കിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂൾ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളത് യുക്തിസഹമായിട്ടില്ല. ഉദാ: ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ 92.4 ഹെക്ടർ ഭൂമി ഉണ്ട്. (ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.) എന്നാൽ പ്രസ്തുത ഭൂമിയുടെ മൂല്യമായി വാർഷിക കണക്കിൽ

രേഖപ്പെടുത്തിയിട്ടുള്ളത് 2,55,950/- രൂപ മാത്രമാണ്.

2. പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് ലാപ്ടോപ്പുകൾ വാങ്ങുന്നതിലേക്കായി സെക്രട്ടറി 3,75,315/- രൂപ മുൻകൂറായി കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ ചെലവ് മുൻകൂർ ചെലവായി ബുക്ക് ചെയ്യുന്നതിന് പകരം ആസ്തി ശീർഷകത്തിൽ ആസ്തി ആർജ്ജിച്ചതായാണ് വരവ് വെച്ചിട്ടുള്ളത്.

3. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .
സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കുകൾക്ക് സാധിച്ചിട്ടില്ല.

4. തൊഴിലുറപ്പ് പദ്ധതിയുടെ ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. 2021-22 വർഷത്തിൽ ആസ്തി സൃഷ്ടിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്ക് പ്രകാരം തൻ വർഷത്തെ മൂലധന ചെലവ് 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. ബാലൻസ് ഷീറ്റിലെ Capital Work In Progress എന്ന ശീർഷകത്തിൽ 371713 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലെഡ്ജർ പരിശോധിച്ചതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുത്ത പദ്ധതിയുടെ ചെലവുകൾ പോലും മേൽ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്.

7. ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം Roads - Metal എന്ന ശീർഷകത്തിലെ ആസ്തിമൂല്യം 2,70,22,476/- രൂപയാണ്. സോളിംഗ് ചെയ്ത റോഡുകൾ ടാറിംഗ് ചെയ്യുമ്പോൾ പ്രസ്തുത റോഡിന്റെ സോളിംഗ് പ്രവൃത്തിവരെയുള്ള ആസ്തിമൂല്യം Roads-Tarred എന്ന ശീർകത്തിലേക്ക് മാറ്റുന്നതിലുണ്ടായ വീഴ്ചയാണ് Roads - Metal എന്ന ശീർഷകത്തിൽ 2,70,22,476/- രൂപയുടെ ആസ്തിമൂല്യം കാണിക്കുന്നതിന് കാരണമായിട്ടുള്ളത്.

8. വാർഷിക കണക്ക് പ്രകാരം ദേശീയ വാർദ്ധക്യ പെൻഷൻ ഇനത്തിൽ 5,53,32,700/- രൂപയാണ് 2021-22 വർഷത്തെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സേവന സോഫ്റ്റ്‌വെയർ പ്രകാരം ചെലവ് 2,95,37,800/- രൂപയാണ്.

9. 2012-13 വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 4000/- രൂപ ഓഡിറ്റ് തിയ്യതി

വരെയും ക്രമപ്പെടുത്തിയിട്ടില്ല.

10. വാർഷിക കണക്കിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

11. തെറ്റായ ശീർഷകങ്ങളിൽ വരവുകളും ചെലവുകളും ബുക്ക് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് മൂലം വാർഷിക കണക്കുകൾ തെറ്റായ വിവരങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഉദാ. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടികൾക്ക് ഏകീകൃത നെയിംബോർഡ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ പദ്ധതി ചെലവായ 24,993/- രൂപ സാംഖ്യയിൽ റവന്യൂ ചെലവായാണ് ബുക്ക് ചെയ്തിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-7 തനത് ഫണ്ട് ചെലവുകളുടെ കാര്യത്തിൽ ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കുന്നു.

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിർവ്വഹിച്ചിരിക്കുന്നത് നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് വൗച്ചറുകളിൽ നിന്നും വ്യക്തമല്ല. എല്ലാ ചെലവുകളുടേയും (ശമ്പളം, കറന്റ് ചാർജ്ജ് പോലുള്ള പ്രതിമാസ ചെലവുകൾ ഒഴികെയുള്ള) നടപടിക്രമങ്ങൾ ആരംഭിക്കുന്നത് തന്നെ ചെലവിനുള്ള ക്ലെയിം (ബിൽ, പേമെന്റ് റിക്വസ്റ്റ്) ഓഫീസിൽ സമർപ്പിക്കപ്പെടുമ്പോഴാണ്. ഇതുകൊണ്ട് തന്നെ പേമെന്റ് സമയത്ത് പേമെന്റ് നടത്തപ്പെടുന്ന സേവനത്തിന്റെ/സാധനത്തിന്റെ ആവശ്യകതയുണ്ടോ, ആവശ്യകത എവിടെ നിന്നു ഉയർന്നു വന്നു, വലിയ പർച്ചേസുകളുടെ കാര്യത്തിൽ ഭരണസമിതി/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവയുടെ അംഗീകാരമുണ്ടോ തുടങ്ങിയ കാര്യങ്ങൾ വെളിവാക്കപ്പെടുന്നില്ല. ഇത്തരത്തിൽ ഒരു സേവനത്തിനോ സാധനത്തിനോ പേമെന്റ് നടത്തുമ്പോൾ അതിന് അംഗീകാരം നല്കുന്ന മേൽ നോട്ട സംവിധാനത്തിലെ വിവിധ തട്ടുകളായ ജെ.എസ്/എച്ച്.സി, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ചെലവുമായി ബന്ധപ്പെട്ട മേല്പറഞ്ഞ കാര്യങ്ങളൊന്നും അറിയാൻ കഴിയുന്നില്ലെന്നത്, ക്രമക്കേടിനുള്ള സാധ്യത കൂട്ടുന്നതാണ്. ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ, ആവശ്യമുണ്ടെങ്കിൽ മാത്രമുള്ള ഒരു ഘടകം മാത്രമാണ് തുക സ്വീകരിക്കുന്നതോ, ചെലവഴിക്കുന്നതോ എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. പേമെന്റ് വൗച്ചറുകളുടെ കാര്യത്തിൽ ഇപ്രകാരം ഫയൽ നടപടികളില്ലാതെ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതും അപാകതകൾ തുടർന്നങ്ങോട്ട് ഒഴിവാക്കേണ്ടതുമാണ്

1-8 ലീവ് സറണ്ടർ അനുവദിച്ചത് -വിശദാംശം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിലെ ജീവനക്കാർക്ക് താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക | വൗച്ചർ നം |
|---|---|---|---|
| 1 | സെക്രട്ടറി | 83,694 | 22100156/11.6.21 |
| 2 | മറ്റ് ജീവനക്കാർ | 3,67,575 | 22100138/1.6.21 |

കോവിഡാനന്തര സാമ്പത്തികാവസ്ഥയുടെ പശ്ചാത്തലത്തിൽ ലീവ് സറണ്ടർ ശമ്പളം അനുവദിക്കുന്നത് സർക്കാർ നിർത്തി വച്ച സാഹചര്യത്തിൽ ക്രമ നമ്പർ 2 -ലെ ഓഫീസ് അറ്റന്റർക്ക് (ഓഫീസ്അറ്റന്റർമാർ മുതൽ താഴെ തട്ടിലുള്ളവർക്ക് മേൽ നിർദ്ദേശം ബാധകമല്ല) അനുവദിച്ച 38517/-രൂപ ഒഴികെ, മേൽ കൊടുത്ത തരത്തിൽ ശമ്പളം അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ശരിയായ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല സറണ്ടർ അനുവദിച്ചതെങ്കിൽ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ഇത് ലഭ്യമാകാത്ത പക്ഷം ചെലവു തുക നിരാകരിക്കുന്നതാണ്. 412752/- രൂപയുടെ ((83694+367575)-38517) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-9 ടി ഡി എസ് റിട്ടേണുകൾ ഫയൽ ചെയ്തത്- ചെലവ് ഒഴിവാക്കാവുന്നത്

ഓഡിറ്റ് വർഷത്തിൽ ജി എസ് ടി, ഐ ടി റിട്ടേണുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി 220520102 നമ്പർ ഹെഡ്ഡ് പ്രകാരം 15,902/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി എസ് ടി, ഐ ടി റിട്ടേണുകൾ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും, ഭാവിയിൽ ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

1-10 ക്ലയിം ചെയ്യാതെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചു

വൗച്ചർ നം – 22100593/3.11.21

തുക – 29965/-

7/2019 മുതൽ 3/2020 വരെയുള്ള കാലയളിവിലെ, ജീവനക്കാരുടെ യാത്രാബത്ത ഓഡിറ്റ് വർഷം മൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാർ യാത്രാബത്ത ക്ലയിം ചെയ്തതിന്റെ രേഖകൾ വൗച്ചറിനൊപ്പം ലഭ്യമല്ല. യാത്രാ ഡയറി ഇല്ലാതെ ബത്ത അനുവദിക്കാനിടയായ സാഹചര്യം ഓഡിറ്റിന് വിശദമാക്കേണ്ടതാണ്. കൂടാതെ രണ്ട് വർഷത്തിന് മുമ്പേ നടത്തിയ യാത്രകളുടെ ബത്തയും ഈ വൗച്ചറിൽ ഉൾപ്പെട്ടിട്ടുണ്ട്. ക്ലെയിം ചെയ്യാനുള്ള പരമാവധി കാലപരിധി രണ്ട് വർഷമാണെന്നിരിക്കെ ഇപ്രകാരം തുക അനുവദിച്ചതും വിശദീകരിക്കേണ്ടതാണ്.

## 1-11 പുഴ പുറമ്പോക്ക് കയ്യേറ്റം- തുടർ നടപടിയിൽ വീഴ്ച

ഫയൽ നം- A6/296/2022 Dt. 13.01.2022

മേൽ ഫയൽ നമ്പറായുള്ള പൊതുജന പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ അനൂപ്.എ.എസ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം വാർഡ് 6 ൽ ശ്രീ.രാഘവൻ തേനാത്ത് എന്നവർ ഉള്ളൂർകടവ് പുഴയുടെ അതിരിൽ പുഴ കയ്യേറി തെങ്ങിൻ തൈകൾ വെച്ചതായി ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 04.02.2022 തിയ്യതിയിൽ A6/296/2022 നമ്പറായി കൊയിലാണ്ടി പോലീസ് സ്റ്റേഷനിലേക്ക് പരാതിയുടെ പകർപ്പ് കൈമാറിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തിയ്യതി വരെയും മേൽ ഫയലിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ പുഴപുറമ്പോക്ക് രജിസ്റ്റർ പ്രകാരം 51.867 ഹെക്ടർ പുറമ്പോക്ക് ഭൂമി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഭൂമി ഏത് വിധത്തിലാണ് സംരക്ഷിച്ചിട്ടുള്ളതെന്നും തത്സ്ഥിതി വിവരവും ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും പുഴ പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന പുറമ്പോക്ക് ഭൂമിയിലുണ്ടായിട്ടുള്ള കയ്യേറ്റം യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തി. പുഴ പുറമ്പോക്ക് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ അധീനതയിലുള്ള 51.867 ഹെക്ടർ ഭൂമിയിലും സമാനമായ കയ്യേറ്റങ്ങൾ ഉണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

മേൽ പരാതിയിന്മേൽ അന്വേഷണം നടത്തിയ ജീവനക്കാരൻ കയ്യേറ്റമുണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും പരാതി പോലീസിലേക്ക് ഫോർവേഡ് ചെയ്യുകയും പ്രസ്തുത കത്തിന്റെ പകർപ്പ് വില്ലേജ് ഓഫീസർക്ക് നൽകുകയും ചെയ്യുക മാത്രമാണ് സെക്രട്ടറി ചെയ്തിട്ടുള്ളത്. എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് തിയ്യതി വരെയും യാതൊരു നടപടിയും സ്വീകരിക്കപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരം വില്ലേജ് ആഫീസർമാരിൽ നിന്നും വിവരം ആവശ്യപ്പെടുന്നതിനുള്ള അധികാരം ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്റെ സെക്രട്ടറിക്ക് പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി, പഞ്ചായത്ത് പ്രദേശത്തുള്ള റവന്യൂ വില്ലേജിലെ ഏതൊരു വില്ലേജ് ആഫീസറോടും അങ്ങനെയുള്ള വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ അതിലെ ഏതെങ്കിലും ആളിനേയോ വസ്തുവിനേയോ സംബന്ധിച്ചോ നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും സംഗതി സംബന്ധിച്ച് വിവരം നൽകാൻ ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ഏതൊരുത്തരവും വില്ലേജ് ആഫീസർ അനുസരിക്കേണ്ടതുമാകുന്നു. പ്രസതുത അധികാരം ഉപയോഗപ്പെടുത്തി മേൽ ഭൂമിയിലെ കയ്യേറ്റം ആധികാരികമായി തിട്ടപ്പെടുത്തി കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കേണ്ടതും കയ്യേറ്റക്കാരനെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്ക് ഭൂമിയുടെ തത്സ്ഥിതി പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്..

## 1-12 പൊതുമരാമത്ത് പദ്ധതി -ആസൂത്രണത്തിലെയും നിർവ്വഹണത്തിലേയും അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2021-22 വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതികളുടെ മുൻഗണന നിശ്ചയിച്ചതിൽ വീഴ്ച .

വർഷങ്ങൾക്ക് മുൻപ് സോളിംഗ് വരെയുള്ള റോഡ് നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിച്ച ആസ്തികൾക്ക് മുൻഗണന നൽകി ടാറിംഗ് പ്രവൃത്തി നിർവ്വഹിക്കുന്നതിൽ വീഴ്ചയുണ്ടായി. ഇത് മൂലം മുമ്പ് നിർവ്വഹിച്ച, സോളിംഗ്, ഡി.ആർ പാവിംഗുകൾ കാലഹരണപ്പെടുകയും ആസ്തിയിന്മേൽ റോഡ് നിർമ്മിക്കുന്നതിനുള്ള മുഴുവൻ ഇനങ്ങളുടെയും പ്രവൃത്തികൾ നിർവ്വഹിക്കേണ്ടി വന്നു. ഉദാ- പ്രൊ.നം-85/2021-22, മീത്തലെ നമ്പാറമ്പത്ത്മുക്ക്-തെക്കും പുളിഞ്ഞോളി റോഡ് സോളിംഗ് ടാറിംഗ്. 102/21-22, പ്രകൃതിചികിത്സാ റോഡ്. മേൽ റോഡുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും സോളിംഗ് ചെയ്തഭാഗം കാലഹരണപ്പെട്ടതായി പരാമർശങ്ങളുള്ളതായി കാണുന്നു.

വർഷങ്ങൾക്ക് മുമ്പ് സോളിംഗ് വരെയുള്ള പ്രവൃത്തികൾ നിർവ്വഹിച്ച റോഡുകളുടെ ടാറിംഗ്

പ്രവൃത്തിയുടെ പൂർത്തീകരണത്തിന് മുൻഗണന നൽകിയില്ല. ഷെറീന കോട്ടേജ് റോഡ് ടാറിംഗ് പദ്ധതി പ്രകാരം ടാറിംഗ് ചെയ്യാൻ അവശേഷിക്കുന്ന മുഴുവൻ ചെയിനേജിലും ടാറിംഗ് നിർവ്വഹിച്ചില്ല. ഇത്തരത്തിലുള്ള റോഡുകളുടെ നിർമ്മാണത്തിന് മുൻഗണന നൽകാതെ പദ്ധതി ആസൂത്രണം ചെയ്തത് ആസൂത്രണത്തിലെ പിഴവാണ്. ഇത്തരം റോഡുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു .</u>

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം നടത്തി. ഗ്രാമസഭ മിനുട്സ്, വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് റോഡുകളിൽ അറ്റകുറ്റപണി നടത്തേണ്ടതുണ്ടെന്നത് വ്യക്തമാണ്. 29.1.2018ലെ 11/2018 /തസ്വഭവ നമ്പര് ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7, 2012 ലെ PWD റിവൈസ്ഡ് മാന്വൽ സെക്ഷൻ 2602.1, 2019 ലെ CPWD മെയിന്റനൻസ് മാന്വൽ എന്നിവയിൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ-പരിപാലന പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ കൃത്യമായ ആസൂത്രണമില്ലാതെയാണ് റോഡുകളുടെ മെയിന്റനൻസ് നടക്കുന്നതെന്ന് വ്യക്തമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ 2021-22 വർഷത്തേക്ക് ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മേൽ രേഖയുടെ അഭാവത്തിലും മെയിന്റനൻസ് ആവശ്യമുള്ള റോഡുകൾ ഇല്ലെന്ന നിഗമനം നടത്തി മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുള്ളത്.

ഉദാ- 88/21-22, തിരുപ്പഞ്ചേരി താഴ- പുള്ളാട്ട് മുക്ക് റോഡ്, 72/21-22 തരിശ്ശിൽ മുക്ക്- കുന്നത്ത് മുക്ക് റോഡ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ ആസ്തി സംരക്ഷണ-പരിപാലന പദ്ധതി തയ്യാറാക്കി ആയതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ലെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു .

2021-22 വർഷത്തിൽ ആസൂത്രണം ചെയ്ത 27 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി റിവൈസ് ചെയ്തിട്ടുണ്ട്. ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത മൂലമാണ് പലപ്പോഴും എസ്റ്റിമേറ്റ് പുതുക്കേണ്ടി വരുന്നത്. എസ്റ്റിമേറ്റ് പുതുക്കേണ്ടിവരുന്നത് മൂലം പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഉദാ-പ്രൊ.നം- 196/21-22 നമ്പർ പ്രോജക്റ്റ് പ്രകാരം നടപ്പാക്കിയ അങ്കണവാടി ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ തറയിൽ മണ്ണ് നിറക്കുന്ന ഇനം ഉൾപ്പെടുത്താതെയാണ് ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ മതിയായ പരിശോധനകളില്ലാതെയാണ് എസ്റ്റിമേറ്റുകൾ അംഗീകരിച്ച് നൽകുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നടപ്പ് വർഷത്തിൽ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-13 അജൈവമാലിന്യം കയറ്റിക്കൊണ്ടു പോകൽ -അപാകതകൾ

പ്രോജക്റ്റ് നം- 157/21-22

പ്രോജക്റ്റിന്റെ പേര്-അജൈവ മാലിന്യശേഖരണത്തിന് ഗ്യാപ്പ് ഫണ്ട്

അടങ്കൽ -402652 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്-402652

നിർവ്വഹണം-വി.ഇ.ഒ

വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ കയറ്റികൊണ്ടുപോയ ഇനത്തിൽ ഗ്രീൻ വേംസ് ഇക്കോസൊല്യൂഷൻ എന്ന സ്ഥാപനത്തിന് ആകെ 4,02,652/- രൂപ ഓഡിറ്റ് വർഷം നൽകിയിട്ടുണ്ട്. ഗ്രീൻ വേംസ് ഇക്കോസൊല്യൂഷനുമായി ഏർപ്പെട്ട കരാർ പ്രകാരം ഹരിതകർമ്മസേന ശേഖരിക്കുന്ന തരംതിരിക്കാത്ത പ്ലാസ്റ്റിക്ക് കവറുകൾ മാത്രം കയറ്റി കൊണ്ടു പോവുന്നതിന് കിലോയ്ക്ക് 6 രൂപ എന്ന നിരക്കിലും ചെരുപ്പ്, ബാഗ്, തുണി, തെർമ്മോകോൾ, പ്ലാസ്റ്റിക്ക് കവർ തുടങ്ങിയ റിജക്റ്റഡ് മാലിന്യങ്ങൾക്ക് കിലോയ്ക്ക് 8 രൂപ നിരക്കിലുമാണ് കയറ്റി അയച്ചിട്ടുള്ളത്. തരംതിരിച്ച പുൻരുപയോഗം സാധ്യമാകുന്ന അജൈവ മാലിന്യങ്ങൾക്കുള്ള തുക അനുബന്ധത്തിൽ പറഞ്ഞ പ്രകാരം രണ്ടാം കക്ഷിയായ ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻൻസ് ഹരിതകർമ്മസേനയ്ക്ക് നൽകുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തനം

ആരംഭിക്കാത്തത് ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിക്കാൻ കഴിയാതെ വരികയും കരാർ പ്രകാരമുള്ള തരംതിരിച്ച പുനരുപയോഗ സാധ്യമാകുന്ന അജൈവ മാലിന്യങ്ങൾക്ക് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടുന്നതിനും ഇടയാകുന്നു. കൂടാതെ വീടുകളിൽ നിന്നും ശേഖരിക്കുന്ന റിജക്ടഡ് മാലിന്യത്തിന്റെ തൂക്കമോ അവ സംസ്കരിക്കുന്നതിനുവരുന്ന ചെലവോ പരിഗണിക്കാതെയാണ് പ്രതിമാസം 50 രൂപ മാത്രം യൂസർഫീ ഈടാക്കി അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതും കയറ്റി അയച്ചിരിക്കുന്നതും.

കയറ്റികൊണ്ടുപോകുന്ന മാലിന്യത്തിന്റെ തൂക്കം അനുസരിച്ചാണ് പദ്ധതിയിൽ 4,02,652/- രൂപ ചെലവഴിച്ചിരിക്കുന്നതെങ്കിലും ഫയൽ പരിശോധിച്ചതിൽ മാലിന്യം നീക്കം ചെയ്ത വാഹനങ്ങളുടെ തൂക്കം രേഖപ്പെടുത്തിയതിൽ പഞ്ചായത്തിന് പുറത്തുള്ള വെയ്ബ്രിഡ്ജുകളിൽ നിന്നുമുള്ള റസീറ്റ് ബില്ലുകളുടെ അടിസ്ഥാനത്തിലും തുക അനുവദിച്ചതായി കാണുന്നു. (മാച്ചിങ്ങൽ വെയ്ബ്രിഡ്ജ് -കൊളപ്പുറം മലപ്പുറം, പാറാടൻ വെയ്ബ്രിഡ്ജ് -പന്തീരാങ്കാവ് കോഴിക്കോട്, വി.കെ.ഇലക്ട്രോണിക്സ് വെയ്ബ്രിഡ്ജ് -വട്ടക്കുണ്ടുങ്ങൽ താമരശ്ശേരി) ഇതിൽ നിന്നും കൊണ്ടു പോകുന്ന മാലിന്യങ്ങളുടെ തൂക്കം രേഖപ്പെടുത്തിയിരിക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലോ സാക്ഷ്യപ്പെടുത്തലിന്റെയോ അടിസ്ഥാനത്തിലല്ല എന്ന് വ്യക്തമാവുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പഞ്ചായത്ത് എം.സി.എഫിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

കേരള പഞ്ചായത്തി രാജ് ആക്ട് സെക്ഷൻ 204 iii(B) പ്രകാരം പഞ്ചായത്ത് പ്രദേശത്തെ മുതൽ മുടക്കിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുന്ന ആൾ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥനാണ്. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, ഖ 1-15(1) ൽ ടി വിഷയം പ്രദിപാതിച്ചിട്ടുണ്ട്. ഇതിനു മറുപടിയായി കെട്ടിട ഉടമകളെയും കെട്ടിടം വാടകയ്ക്ക് നല്കുന്നവരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ട് വരുന്നതിനു നടപടി സ്വീകരിച്ചു വരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് പരാമർശങ്ങളിലെ തുടർനടപടികൾസംബന്ധിച്ച് നടപടിയെടുക്കാതെ തെറ്റായ മറുപടി ലഭ്യമാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈസൻസ് അനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളുടെ വിവരം ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | വാടകയ്ക്ക് നൽകിയ കെട്ടിട നമ്പർ |
|---|---|
| സഞ്ജീവ് കുമാർ മേലൂർ | 30 - A To H |
| കോയ പള്ളിക്കുനി എടക്കുളം | 100 – B To G |

കടമുറികൾ വാടകയ്ക്ക് നൽകി വരുമാനം ആർജിക്കുന്ന എല്ലാ കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ട് വരുന്നതിനു സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻ.നം.1, തിയ്യതി:21-10-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

1-15 റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല - വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യത :

സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ സ്ഥാപനത്തിലെ 145 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ ലോഗിനിൽ) നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ പൂർണ്ണമായും ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. (റോഡുകളുടെ തരം വിജ്ഞാപനം ചെയ്തിട്ടില്ല). നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി മനസ്സിലായിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011 -ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന്

കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

റോഡുകൾ രേഖപ്പെടുത്തിയതിലും പൂർണ്ണതയില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 145 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 490 റോഡുകൾ സ്ഥാപനത്തിലുണ്ട്. ഇവ കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സെൻട്രൽ എന്നീ സ്ഥാപനങ്ങളുടെ അധിനതയിലുള്ള റോഡുകളും നിലവിൽ ഉണ്ടാകാൻ സാധ്യത ഉണ്ട്. മേല്പറഞ്ഞ എല്ലാ റോഡുകളും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയോയെന്ന് പരിശോധിക്കേണ്ടതുണ്ട്. സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ട 145 റോഡുകളിൽ 22 എണ്ണം 5 മീറ്ററിൽ കൂടുതലുള്ളതാണ്. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 47 റോഡുകൾ ഈ ഗണത്തിൽ പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം പോലും ശരിയല്ലെന്ന് കാണാം.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യത വെളിവാകുന്നുണ്ട്. ആകയാൽ സോഫ്റ്റ്‌വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. കൂടാതെ, 2011 -ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി വീഴ്ചയുള്ള വിശദീകരണ സഹിതം ഓഡിറ്റിന് നല്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി നാളിതുവരെയാും മരുന്നുകൾ ലഭിച്ചില്ല

പ്രോജക്ട് നം – 71/21-22

നിർവ്വഹണം – ആയുർവേദമെഡിക്കൽ ഓഫീസർ

അടങ്കൽ -100000

ചെലവ്-100000 (ബിൽ നം-269/24-1-22)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി പെർഫോർമാ ഇൻവോയ്സ് PF-1514 തീയതി-19-2-22 പ്രകാരം 1,00,000/- രൂപ കേരളാ സ്റ്റേറ്റ് ഹോമയോപതിക്ക് കോ-ഓപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. മുൻ വർഷങ്ങളിലും ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി തുക ചെലവഴിച്ചിട്ടും മരുന്നുകൾ സമയബന്ധിതമായി സ്ഥാപനത്തിന് ലഭിച്ചിരുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത നിരക്കിൽ ലാപ്പ്ടോപ്പ് വാങ്ങി വിതരണം നടത്തി

ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ താഴെ പറയും പ്രകാരം പദ്ധതികൾക്കായി ലാപ്പ്ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്കായി വിതരണം നടത്തിയിട്ടുണ്ട്.

| പ്രോജക്ട് നം, പേര് | നിർവ്വഹണം | വാങ്ങിയ സ്ഥാപനം | വില | എണ്ണം | ആകെ |
|---|---|---|---|---|---|
| 37/21-22 എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | കെൽട്രോൺ പെർഫോർമ ഇൻവോയ്സ് നം-TVM/ ITBG/ PI/RC/ 30933/ 20-21 Dtd-16-10-21 | 27229 | 10 | 272290 |
| 203/21-22 മത്സ്യ തൊഴിലാളി കളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | സെർവൈറ്റ് സിസ്റ്റംസ് ഇൻവോയ്സ് നം-SS-557/ 16-3-22 | 48771 | 3 | 146313 |

രണ്ട് പദ്ധതികളിലുമായി വിദ്യാർത്ഥികൾക്ക് പഠന ആവശ്യത്തിനായാണ് ലാപ്പ്ടോപ്പ് വാങ്ങി

നൽകിയിരിക്കുന്നത് എന്നിരിക്കെ അസിസ്റ്റന്റ് സെക്രട്ടറി 27229/- രൂപ വിലവരുന്ന ലാപ്പ്ടോപ്പുകളും ഫിഷറീസ് സബ് ഇൻസ്പെക്ടർ 48,771/- രൂപ നിരക്കിലുമാണ് ലാപ്പ് ടോപ്പുകൾ വാങ്ങിയിരിക്കുന്നത്. ഇക്കരണത്താൽ തന്നെ ആകെ 36 ഗുണഭോക്താക്കൾ ഉണ്ടായിരുന്ന പദ്ധതിയിൽ ആകെ 3 പേർക്ക് മാത്രമാണ് ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് ലാപ്പ്ടോപ്പ് നൽകാൻ കഴിഞ്ഞത്. 2010 ലെ സ.ഉ 259 തസ്വഭവ തീയതി 8-11-2010 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിച്ചല്ല നിർവ്വഹണ ഉദ്യോഗസ്ഥർ ലാപ്പ്ടേപ്പുകൾ വാങ്ങിച്ചിരിക്കുന്നത്. ഇക്കാരണത്താലാണ് വ്യത്യസ്ത നിരക്കുകളിൽ ലാപ്പ്ടോപ്പ് വാങ്ങുന്നതിനിടയാക്കിയത്. മേൽ രണ്ട് പദ്ധതികൾക്കും ഒരേയിനം സ്പെസിഫിക്കേഷനുകൾ ഉള്ള ലാപ്പ്ടോപ്പുകളാണ് ആവശ്യമുള്ളത് എന്നിരിക്കെ വ്യത്യസ്ത നിരക്കിലുള്ളവ വാങ്ങിയത് വഴി സ്ഥാപനത്തിന് സാമ്പത്തിക നഷ്ടത്തിനും ഗുണഭോക്താക്കളായ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കിടയിൽ വ്യത്യസ്ത ഗുണ നിലവാരത്തിലുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും ഇടയാക്കി. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-18 പഞ്ചായത്ത് മേഘലാ ചുമതലയില്ലാത്ത പ്രവർത്തനങ്ങൾക്ക് പണം ചെലവഴിച്ചു

വിദ്യാർത്ഥികൾക്ക് സാഹിത്യശില്പശാലകൾ സംഘടിപ്പിച്ച് അവരുടെ സൃഷ്ടികൾ മാഗസിൻ രൂപത്തിൽ പുറത്തിറക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണ് ചെപ്പ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1) പ്രകാരമുള്ള മൂന്നാം പട്ടികയിൽ പഞ്ചായത്തുകൾക്കുള്ള മേഘലാ ചുമതലയിലുള്ളത് സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് മാത്രമാണ്. എന്നാൽ ആസൂത്രണ-സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിബാധിക്കാത്ത പ്രവർത്തന മേഘലയിലാണ് മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് പണം ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പടുത്തിയാണ് നടപ്പാക്കേണ്ടിയിരുന്നത്.64400 രൂപ ചെലവിട്ട് 500 കോപ്പി മാഗസിൻ അച്ചടിക്കുന്നതിനായി ളുലിക ഡിസൈൻ എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ വർക്ക് ഓർഡർ നൽകിയതിന് കൊട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമല്ല. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി ചെപ്പ് പോലുള്ള പ്രോജക്ടുകൾ അത്യാവശ്യമായിരുന്നെങ്കിൽ സർക്കാർ മുൻകൂർ അനുമതി വാങ്ങി നിർവ്വഹിക്കേണ്ടതായിരുന്നു. മാർഗ്ഗരേഖയ്ക്ക് അനുസൃതമായല്ല പ്രോജക്ടിന് പണം ചെലവഴിച്ചത്.

നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം 4/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു

1-19 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കുള്ള ലാപ്ടോപ്പ് ലഭ്യമായില്ല

ചെങ്ങോട്ട്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി നം. 213/22 പ്രോജക്ട് പ്രകാരം 5 ഡെസ്ക്ടോപ്പുകളും 4 പ്രിന്ററുകളും ഒരു ലാപ്ടോപ്പും 3,44,614/- രൂപ ചെലവഴിച്ച് 157- 30/10/2021 ബിൽ പ്രകാരം കെൽട്രോണിൽ നിന്നും പർച്ചേസ് നടത്തിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നം. 29183 Dt. 07/09/2021 പ്രകാരം 50,878/- രൂപയുടെ ലാപ്ടോപ്പ് നാളിതുവരെയായും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ ഫയലിൽ വ്യക്തമല്ല. കമ്പ്യൂട്ടർ ലഭിക്കുന്നതിന് ചെലവഴിച്ച 50,878/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-20 എഫ്.എച്ച്.സി. കെട്ടിടം പ്രവൃത്തി പൂർത്തിയാവാതെ കെട്ടിടത്തിലേക്കാവശ്യമായ ഫർണ്ണിച്ചർ വാങ്ങി

ചെങ്ങോട്ട്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പുതിയ എഫ്.എച്ച്.സി. കെട്ടിടത്തിലേക്ക് ഫർണീച്ചർ വാങ്ങൽ (ആർദ്രം) പദ്ധതിക്കായി പ്രോജക്ട് 105/2021-22നമ്പർ പ്രകാരം രണ്ട് ബില്ലുകളിലായി 4,47,953/- രൂപയുടെ ഫർണ്ണീച്ചർ വാങ്ങുകയും ആയത് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി എഫ്.എച്ച്.സി. കെട്ടിടം പ്രവൃത്തി പൂർത്തിയായി ഉൽഘാടനം ചെയ്യുകയോ പ്രവർത്തനമാരംഭിക്കുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാള്യം 1 ചാപ്റ്റർ 3 സെക്ഷൻ 40 C – 7 പ്രകാരം ഫണ്ട് ലാപ്സാവുമെന്ന് കരുതി അനാവശ്യമായി ധൃതി കാണിച്ച് പണം ചെലവാക്കരുതെന്ന് നിഷ്കർഷിക്കുന്നു. പ്രവൃത്തി പൂർത്തികരിക്കാത്ത സ്ഥാപനത്തിലേക്ക് ധൃതി പിടിച്ച് ഫർണ്ണീച്ചർ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഫർണ്ണീച്ചർ നാളിതുവരെ ഉപയോഗിക്കാതെ പി.എച്ച്.സി.യിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്ഥപനം പ്രവർത്തനം ആരംഭിച്ച് ഫർണീച്ചറുകൾ ഉപയോഗിക്കാൻ തുടങ്ങി വിവരം അറിയിക്കേണ്ടതാണ്.

1-21 കെൽട്രോണിന് കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി നൽകിയ തുക തിരികെ ലഭിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം-17/21-22, പഞ്ചായത്ത് ഓഫീസിനും നിർവ്വഹണ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ പദ്ധതിയുടെ ഭാഗമായി വിവിധ ഉപകരണങ്ങളുടെ വിലയായി 3,75,315/- രൂപ കെൽട്രോണിന് അടവാക്കിയിട്ടുണ്ട് (ബിൽ നം-132/18.1.21 -208479, ബിൽ നം-125/16.10.21-67775, ബിൽ നം-131/18.10.21-99061). എന്നാൽ കെൽട്രോണിന്റെ 21-3-2022 ലെ TVM/ITBG/ITP/RC/RFND/354/21-22 തീയതി 21-3-22 കത്ത് പ്രകാരം 375351 രൂപയിൽ 1,42,887/- രൂപയുടെ ഉപകരണങ്ങൾ സ്ഥാപനം പഞ്ചായത്തിന് സപ്ലൈ ചെയ്തതായും അവശേഷിക്കുന്ന 2,32,428/- രൂപ റീഫണ്ട് ചെയ്യുന്നതാണെന്നും പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് 2,32,428/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തികൾക്കും ഫോം വർക്കിനുള്ള തുക നൽകി

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 (Od) പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. ഐറിഷ് ഡ്രെയിൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കും മേൽ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. മൂന്ന് മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളിലും ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തികൾക്ക് ഫോം വർക്ക് അനിവാര്യമല്ലെന്നത് വ്യക്തമാണ്. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഉദാ- 119/21-22, മാപ്പള്ളി കനാൽമുക്ക് മേലൂരമ്പലം റോഡ് പൂർത്തീകരണം. എല്ലാ കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികൾക്കും ആവശ്യകത പരിഗണിക്കാതെ ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 (Od) എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ നമ്പരും തീയതിയും |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 60400 | 34/21-22 നെൽകൃഷി കൂലിച്ചെലവ്-സബ്സിഡി | 60400 | 0 |
| | 2021-22 | 20000 | 47/21-22 ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം – വനിത | 20000 | 0 |
| | 2021-22 | 200000 | 63/21-22 പാലിയേറ്റീവ് പരിചരണവും വൈദ്യ സഹായവും | 200000 | 0 |
| | 2021-22 | 595000 | 24/21-22 ലൈഫ് ഭവന പദ്ധതി | 595000 | 0 |
| | 2021-22 | 275000 | 20/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.ബത്ത | 275000 | 0 |
| | 2021-22 | 100000 | 242/21-22 അങ്കണവാടികൾ ക്രാഡിൽ അങ്കഗണവാടികളാക്കി മാറ്റൽ | 100000 | 0 |
| | 2021-22 | 600000 | 146/21-22ലൈഫ് ഭവനപദ്ധതി | 600000 | 0 |
| | 2021-22 | 150000 | 139/21-22കാലിതീറ്റ സബ്സിഡി | 150000 | 0 |
| | 2021-22 | 200000 | 118/21-22 ക്ഷീര | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കർഷകർക്ക് പാലിന് സബ്സിഡി | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 72480 | 34/20-21 നെൽകൃഷി കൂലിച്ചെലവ് - സബ്സിഡി | 72480 | 0 |
| | 2021-22 | 275000 | 53/21-22ഭിന്നശേഷി സ്കോളർഷിപ്പ്, ബത്ത | 275000 | 0 |
| | 2021-22 | 100000 | 118/21-22 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 111/2018 | 10960000 | 9346666 | 850666 | 0 | 8496000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ത.സ്വ ഭ വ<br>തിയതി<br>13-08-2018 | | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19,20,819 |
| തൻവർഷം നിക്ഷേപിച്ച തുക | 1,39,259 |
| ആകെ | 20,60,078 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,60,078 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മേലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 31-03-2021 | 12 മാസം | 2060078 |
| ആകെ | | | | 2060078 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 92,880/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-8(11) | 600 | ശ്രീ.രാജൻ.കെ.കെ. | 121270100755 |

| | | | | |
|---|---|---|---|---|
| 2018-19 | 1-8(11) | 1,080 | ശ്രീ.അസീസ്സ് | 121270100818 |
| 2018-19 | 1-8(11) | 600 | ശ്രീ.മോഹൻദാസ് | 121270101738 |
| 2018-19 | 1-8(11) | 600 | ശ്രീ.ബൈജു | 121270101842 |
| 2007-08 | 3-17 | 90,000 | ഫിഷറീസ് സബ്ഇൻസ്പെക്ടര് | 121010900062 |
| ആകെ | | 92,880 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം 11.14 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | തടസ്സം തുടരുന്നു |
| 2000-01 | | 2004-05 | പൊതു പരാമർശം 11.1.3.8 | നികുതിപിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2004-05 | 11.1.5.6 | വനിത ഗ്രൂപ്പ് പച്ചക്കറികൃഷി | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ | തടസ്സം |

| | | | | | |
|---|---|---|---|---|---|
| | | | | ഭൗതിക സാഹചര്യം | തുടരുന്നു |
| | | 2011-12 | 3.3.13 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-7, 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്ന |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2005-06 | 3-5<br>3-8 (1) | | LF17065/ സ്പെ. സെൽ/ | 845746055531 | | | | | | 845746055531 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 3-8 (2) | | എസ്.സി.5 എ/09 തീ. 30.10.2009 | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96508541 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74138146 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 860458 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 4,12,752 | എൻ പ്രദീപൻ,<br>സെക്രട്ടറി |
| 1-16 | 1,00,000 | ഡോ ശിവപ്രസാദ്,<br>മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-18 | 64,400 | ദിനേശൻ,<br>ഹെഡ്മാസ്റ്റർ, |

| | | |
|---|---|---|
| 1-19 | 50,878 | ഡോ ഷബ്ന,<br>മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി |
| 1-21 | 2,32,428 | എൻ പ്രദീപൻ,<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ പ്രദീപൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>ചെങ്ങോട്ടുകാവ്<br>ഗ്രാമപഞ്ചായത്ത് | നിടിയാറമ്പത്<br>കൊങ്ങണൂർ,<br>അത്തോളി |
| ഡോ.ശിവപ്രസാദ്,<br>മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം | മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം,<br>ചെങ്ങോട്ടുകാവ്<br>ഗ്രാമപഞ്ചായത് | സുഗുണാലയം<br>തലക്കുളത്തൂർ,<br>പുറക്കാട്ടിരി<br>കോഴിക്കോട് |

| | | |
|---|---|---|
| ഡോ ഷബ്ന, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | ചിപ്പി ഹൌസ് എടക്കാട് പി.ഒ, കോഴിക്കോട് |
| ദിനേശൻ, ഹെഡ്മാസ്റ്റർ, ആന്തട്ട ജി.യു .പി സ്കൂൾ | ഹെഡ്മാസ്റ്റർ, ആന്തട്ട ജി.യു.പി സ്കൂൾ | തൈക്കണ്ടി (വീട്), കീഴരിയൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/പി 13/ 867/2019(1) തിയ്യതി-02.09.2019 | 10 | 22, 23എ, 32, 33, 34, 35(1), (2), 37, 38, 42, 48 |
| 2000-01 (ഡി.സി | കെ.എസ്.എ.കെ.കെ.ഡി/പി 13/ 867/2019(1) തിയ്യതി-02.09.2019 | 9 | 7, 8, 9, 10, 11, 12, 13, 14, 15 |

| | | | |
|---|---|---|---|
| .ബി) | | | |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി 13/ 867/2019(1)തിയ്യതി-02.09.2019 | 1 | 8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി13/ 867/2019(1)തിയ്യതി-02.09.2019 | 3 | 3-2, 3-5, 3-12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി13/ 867/2019(1)തിയ്യതി-02.09.2019 | 4 | 2-1, 3-3, 3-6, 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 744/2009 തിയ്യതി.06/08/2009 | 16 | 2-2(1), 2-2(2), 3-1, 3-2, 3-3, 3-4, 3-6, 3-6(1), 3-6(2), 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി6/ 877/2009 തിയ്യതി.21/05/2010 | 4 | 1 ഡി, 3-3, 3-4(എ), 3-6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1 (എ), 2-4(1, 2), 2-4(4), 2-5, 3-1, 3-2, 3-3, 3-5, 3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി4/ 813/2011 തിയ്യതി21.07.2011 | 18 | 2-4, 2-5, 2-7 (എ മുതൽ എഫ് വരെ), 2-8 മുതൽ 2-11 വരെ, 3-1 മുതൽ 3-5 വരെ, 3-7 മുതൽ 3-11 വരെ, 3-13 |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി13/ 92/2013 തിയ്യതി.11/02/2013 | 12 | 2-1, 2-2, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി13/ 93/2013 തിയ്യതി.29/01/2013 | 12 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13 |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 1587/2014 തിയ്യതി-29.10.2014 | 5 | 3-3, 3-6, 3-7, 3-9,3-10 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8, 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-20 വരെ, 3-23 മുതൽ 3-29 വരെ, 3-31, 4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1, 2-2, 2-3, 2-7, 2-9, 3-2, 3-3, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി13/ 2360/17 തീയതി-18.12.17 | 18 | 2-4, 2-6, 2-7, 3-3, 3-4, 3-5, 3-7, 3-8 (1, 2, 3, 4, 5, 7), 3-8 (8), 3-9(2), |

| | | | |
|---|---|---|---|
| | | | 3-9(4), 3-11(2), 4-8 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി8/ 718/2020 തീയതി-20.10.2020 | 3 | 2-2, 2-6, 3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1312/2020 തീയതി-28.12.2020 | 6 | 1-6, 1-8(2), 1-12, 1-15(1), 1-18, 1-19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി8/ 889/2021 തിയതി-21.04.2021 | 23 | 1-2(5), 1-12, 1-14 (2), 1-17, 3-2(i)(ii), 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1861/21 തീയ്യതി-07-12-2021 | 29 | 1-1-2, 1-1-3, 1-1-4, 1-2-1 (1, 2, 3, 4) 1-2-1 (5, 6, 7, 8, 9, 10), 1-4-1, 1-9-1, 1-9-2, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്